**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3246** — **13-07-2022 - ൽ മറുപടിയ്ക്ക്**

**തോട്ട ഭൂമി - തരംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പ്രമാണത്തിൽ തോട്ടഭൂമി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ കൈവശക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (എ) | പ്രമാണത്തിൽ തോട്ടഭൂമി എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ കൈവശക്കാർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ റവന്യൂ രേഖകളിൽ തോട്ടം എന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഭൂവുടമയ്ക്ക് ഭവന നിർമ്മാണ അനുമതി ലഭ്യമാകാതെ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ചില വില്ലേജുകളിൽ റീസർവ്വെയ്ക്കുശേഷം ഇനം പുരയിടം എന്നതു തോട്ടം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയത് പുരയിടം എന്നാക്കി മാറ്റി നൽകുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ റവന്യൂ രേഖകൾ പരിശോധിച്ച് കേരള ഭൂപരിഷ്കരണ നിയമം, സെക്ഷൻ 81(1)(ഇ) പ്രകാരം തോട്ടമായി ഇളവ് ലഭിച്ച ഭൂമിയല്ലെന്ന് കണ്ടെത്തുന്ന കേസുകളിൽ ആയത് പുരയിടം ആക്കി മാറ്റി നൽകി വരുന്നുണ്ട്. അപ്രകാരം ടി പ്രശ്നം ഭൂപരിഷ്കരണ നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കാത്ത രീതിയിൽ പരിഹരിച്ച് വരുന്നു. ജനങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ തോട്ടം, ഭൂപരിഷ്കരണ നിയമം സെക്ഷൻ 81 (1)(e) പ്രകാരം ഇളവ് അനുവദിച്ച തോട്ടം തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത വരുത്തി ലാൻഡ് ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ